# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ജൂൺ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

21 (*211) മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ അവധി

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, രാജ്യത്തിനുള്ളിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർ അവധിയെടുക്കുന്ന സാഹചര്യം വിരളമാണെന്നും വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുന്നതിന് ദൗർലഭ്യമില്ലാത്ത കാറ്റഗറിയിൽപ്പെട്ട അദ്ധ്യാപകർക്ക് ഒരു ലക്ഷം രൂപ ഫീസ് ഈടാക്കിക്കൊണ്ട് പത്ത് വർഷത്തേയ്ക്ക് വളരെ വിരളമായി ലീവ് അനുവദിക്കാറുണ്ടെന്നും അപ്രകാരം ലീവ് അനുവദിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തിക പ്രൊമോഷനിലൂടെയോ പി.എസ്.സി. വഴിയോ നികത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ദൗർലഭ്യമുള്ള കാറ്റഗറിയിൽപ്പെട്ട 36 വകുപ്പുകളിൽ ഉൾപ്പെടുന്ന ഡോക്ടർമാർക്ക് പ്രൊമോഷൻ വഴിയോ പി.എസ്.സി. വഴിയോ പ്രസ്തുത പോസ്റ്റ് നികത്താൻ സാഹചര്യമുള്ളപക്ഷം നിയന്ത്രണങ്ങൾക്കുവിധേയമായി ലീവ്

അനുവദിക്കാറുണ്ട്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം യോഗ്യരായ അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നില്ല. രോഗികളുടെ ബാഹുല്യം കൂടിവരുമ്പോൾ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുകയും സീനിയർ റസിഡന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തി ഈ കുറവ് പരിഹരിക്കുകയും ചെയ്യുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പി.ജി. കോഴ്സ് കഴിഞ്ഞ് സീനിയർ റസിഡന്റായി പ്രവർത്തിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് സംസ്ഥാനതലത്തിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുകയും സാധാരണക്കാർക്ക് കൂടുതൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർതലത്തിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് തലസ്ഥാനത്ത് സർക്കാർ തലത്തിൽ ഒരു മെഡിക്കൽ കോളേജ് കൂടി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും അതിന്റെ പ്രവർത്തനം എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് അറിയിച്ചു.. വയനാട്ടിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനായി 108 തസ്തികകൾ സൃഷ്ടിക്കുകയും മറ്റ് മെഡിക്കൽ കോളേജുകളിൽ

നിന്നും പ്രൊഫസർമാരും അസോസിയേറ്റ് പ്രൊഫസർമാരും ഉൾപ്പെടെയുള്ള സീനിയർ ഡോക്ടർമാരെ സ്ഥാനക്കയറ്റത്തിലൂടെ നിയമിക്കുന്നതിനുവേണ്ടി യുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം അടുത്തമാസം ആരംഭിക്കും. മനോരോഗ ചികി ത്സയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക എന്ന ലക്ഷ്യത്തോടെ മൂന്ന് മനോരോഗ ആശുപത്രികളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കു ന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വൃക്ക രോഗി കളുടെയും ക്യാൻസർ രോഗികളുടെയും എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യ ത്തിൽ അതിനുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (*212) <u>സീപ്ലെയിൻ സർവ്വീസ്</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, സീപ്ലെയിൻ സർവ്വീസുകൾ നടത്താൻ ഓപ്പൺ സ്കൈ പോളിസിയുടെ അടി സ്ഥാനത്തിൽ താല്പര്യമുള്ള ഏജൻസികളെ ക്ഷണിച്ചുകൊണ്ടുള്ള ഇ.ഒ.ഐ.-യുടെ അടിസ്ഥാനത്തിൽ ഇതുവരെ അഞ്ചു ഏജൻസികൾ ഓപ്പറേ ഷനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇപ്പോൾ ഉദ്ഘാടനം ചെയ്യപ്പെട്ട പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡിന്റെ ജോയിന്റ് വെഞ്ചർ കമ്പനിയായ കൈരളി ഏവിയേഷൻസിന് സീപ്ലെയിൻ സർവ്വീസ് നട ത്തുന്നതിനാവശ്യമായ അനുമതി കേന്ദ്ര സർക്കാർ ഏജൻസികളായ ഡി.ജി.സി.എ., ബി.സി.എ.എസ്., സിവിൽ ഏവിയേഷൻ മുതലായവയിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് ആരംഭിച്ചത്. എല്ലാ

സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സീപ്ലെയിൻ പ്രോജക്ട് ഓപ്പറേഷൻ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടമായി കൊല്ലം, ആലപ്പുഴ, ബോൾഗാട്ടി, ബേക്കൽ എന്നിവിടങ്ങളിലും രണ്ടാംഘട്ടമായി വയനാട്, മൂന്നാർ എന്നിവിടങ്ങളിലുമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഡി.ജി.സി.എ., ബി.സി.എ.എസ്. മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള അനുമതികൾ ലഭ്യമാക്കുന്ന ഏത് ഏജൻസിക്കും സർവ്വീസ് നടത്താവുന്നതാണ്. നിലവിലുള്ള നിയമങ്ങളനുസരിച്ച് ആഭ്യന്തര മന്ത്രാലയം ഉൾപ്പെടെയുള്ളവയുടെ വിലയിരുത്തലുകൾ ഉൾക്കൊണ്ടതാണ് ഡി.ജി.സി.എ.-യുടെ അനുമതി. വിമാനങ്ങൾക്ക് ആവശ്യമായ സുരക്ഷാമാനദണ്ഡങ്ങൾ, ലൈസൻസ് മുതലായവ കേന്ദ്ര സർക്കാരിന്റെ അധീനതയിൽ വരുന്ന വിഷയങ്ങളാണ്. ഇത്തരത്തിൽ അനുമതി ലഭിച്ച സീപ്ലെയിനുകൾക്ക് മാത്രമേ കേന്ദ്ര സർക്കാർ പ്രവർത്തന അനുമതി നൽകാറുള്ളൂ. വ്യോമയാന മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്ടേഴ്സ് ലിമിറ്റഡിന്റെ സാധ്യതാ പഠനം, ഡി.പി.ആർ. തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിയത്. പദ്ധതി നടപ്പിലാക്കുവാൻ വേണ്ട വാട്ടർ ഡ്രോമുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന ചുമതല മാത്രമാണ് കേരള സർക്കാർ നിർവ്വഹിക്കുന്നത്. മത്സ്യബന്ധനം പൂർണ്ണമായും ഇല്ലാത്ത സ്ഥലങ്ങളാണ് സീപ്ലെയിൻ സർവ്വീസുകൾ നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി മേഖലയിലെ ആശങ്ക ദൂരീകരിക്കുന്നതിനായി മത്സ്യബന്ധനം, തുറമുഖം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ രണ്ടുവട്ട ചർച്ചകൾ നടത്തിയതിനുപുറമേ കൊല്ലം, ആലപ്പുഴ ജില്ലകളിലെ മത്സ്യത്തൊഴിലാളി സംഘടനകളുമായി അടുത്തയാഴ്ച്ച ചർച്ച നടത്തുവാൻ ഉദ്ദേശിക്കു

ന്നുണ്ട്. കരയിലും വെള്ളത്തിലും ഒരുപോലെ ഇറക്കാൻ കഴിയുന്ന വിമാനങ്ങളാണ് ഇവയെന്നും കേരളത്തിലെ ടൂറിസം വികസനത്തെ സംബന്ധിച്ചിടത്തോളം ഇത് ഒരു പ്രധാനപ്പെട്ട പദ്ധതിയാണെന്നും ടൂറിസം രംഗത്ത് മത്സരം നടക്കുമ്പോൾ അതിനോട് കിടപിടിക്കത്തക്ക രീതിയിൽ കേരള ടൂറിസത്തെ പാകപ്പെടുത്താനുള്ള ശ്രമമാണ് നടത്തിവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23 (*213) <u>ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഫുഡ്സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, ഫുഡ്സേഫ്റ്റി ഓഫീസർമാർ, ഫുഡ് അനലിസ്റ്റ് എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തിനകത്ത് സംഭരിക്കുന്നതും വിൽപന നടത്തുന്നതുമായ എല്ലാ ഭക്ഷണ പദാർത്ഥങ്ങളും നിയമം അനുശാസിക്കുന്നവിധം ശുദ്ധവും സുരക്ഷിതവും ആയിരിക്കണമെന്നുള്ളതാണ് പ്രധാന ഉദ്ദേശ്യം. ഇതനുസരിച്ച് ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, മത്സ്യം, മാംസം, ജലം, പാൽ തുടങ്ങിയ ആഹാരവസ്തുക്കളും ജനിതക മാറ്റം വരുത്തിയ ആഹാരപദാർത്ഥങ്ങൾ, ആരോഗ്യ പാനീയങ്ങൾ, ആൾക്കഹോൾ എന്നിവയും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 114 ഫുഡ് ഇൻസ്പെക്ടർമാരുടെ

തസ്തികകൾക്കുപുറമേ 57 ഫുഡ്സേഫ്റ്റി ഓഫീസർമാരുടെയും രണ്ട് ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർമാരുടെയും തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. നിയമപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരായി ആർ.ഡി.ഒ.-മാരെ നിയമിച്ചിട്ടുണ്ട്. നിയമസഭയുടെ സബോർഡിനേറ്റ് ലെജി സ്ലേഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഫുഡ്സേഫ്റ്റി ഓഫീസർമാരുടെ അധികാര പരിധി നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തി 140 സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരി ച്ചിട്ടുളള അക്രഡിറ്റഡ് ലാബുകളുടെ സേവനം വ്യാപാരികൾക്കും നിയമാ നുസൃതം ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്ത് ആഹാര പദാർത്ഥങ്ങൾ പരിശോധിക്കുവാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങ ളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ലാബുകൾക്ക് ദേശീയ അംഗീകാരം കിട്ടുന്നതിനുവേണ്ട നടപടികൾ ത്വരിതപ്പെടുത്തി യിട്ടുണ്ട്. തിരുവനന്തപുരം അനലറ്റിക്കൽ ലാബിന്റെ അക്രഡിറ്റേഷൻ പ്രവർത്തികൾ 80%-ത്തിലധികം പൂർത്തീകരിച്ചിട്ടുണ്ട്. ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ കേരളത്തിലെ മൂന്നു ലാബു കൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതി നായി 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ലാബുകൾക്കുപുറമേ പത്തനം തിട്ടയിലെ കാഷ്യു എക്സ്പോർട്ടിംഗ് പ്രമോഷൻ കൗൺസിലിന്റെ അക്രഡി റ്റേഷൻ ലാബ്, എറണാകുളത്തെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ ലാബ്, കോന്നിയിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൈക്രോ ബയോളജിക്കൽ ലാബ്, കേരള കാർഷിക

സർവ്വകലാശാലയുടെ കീഴിൽ വെള്ളായണിയിൽ പ്രവർത്തിക്കുന്ന പെസ്റ്റി സൈഡ് ടെസ്റ്റിംഗ് ലാബ് എന്നിവയുടെ സൗകര്യങ്ങൾ കൂടി ഉപയോഗിക്കുന്നുണ്ട്. അനലിറ്റിക്കൽ ലബോറട്ടറികളുടെ പ്രവർത്തന ങ്ങൾക്കായി 3.5 കോടി രൂപയും എൻഫോഴ്സ്മെന്റ് വിഭാഗത്തിന് 2.5 കോടി രൂപയും 2013-14-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ മൂന്നു സഞ്ചരി ക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളും ഉൾപ്പെടുന്നുണ്ട്. ഭക്ഷ്യ വ്യാപാരി കൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീല നവും നൽകുന്നതിനായി സംസ്ഥാനത്തുടനീളം 3000-ൽ അധികം ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻതന്നെ പരിഹാരം കണ്ടെത്തുന്നതിനായി സൗജന്യമായ ടോൾഫ്രീ നമ്പറിന്റെ സേവനം ലഭ്യമാ ക്കിയിട്ടുണ്ട്. ഫുഡ്സേഫ്റ്റി ഡിപ്പാർട്ടുമെന്റിന്റെ ആസ്ഥാന മന്ദിരം നിർമ്മി ക്കുവാനായി 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷം ഭക്ഷ്യ ഉൽപ്പാദകർക്കും വിതരണക്കാർക്കും ലൈസൻസ്/രജിസ്ട്രേ ഷൻ തുടങ്ങിയവ നൽകിയ ഇനത്തിൽ 11.5 കോടി രൂപ സർക്കാർ ഖജനാ വിൽ മുതൽ കൂട്ടിയിട്ടുണ്ട്. നിയമം പൂർണ്ണമായും നടപ്പാക്കുമ്പോൾ നിയമ വിധേയമല്ലാതെ ഉൽപാദനം/വിൽപ്പന തുടങ്ങിയവ നടത്തുന്നവർക്കെതിരെ കോമ്പൗണ്ടിംഗ്, അഡ്ജുഡിക്കേഷൻ എന്നിവ നടത്തി ഫൈനും ഗുരുതര മായ കുറ്റകൃത്യമാണെങ്കിൽ ജയിൽ ശിക്ഷയും നൽകുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ 30 ഇന മാനദണ്ഡങ്ങൾ നടപ്പിലാക്കാത്ത ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 2 കേസുകൾ ഫയൽ ചെയ്യുകയും റെയ്ഡുകൾ നടത്തി 138

ഹോട്ടലുകൾ താൽക്കാലികമായി അടച്ചിടുകയും ചെയ്തിട്ടുണ്ടെന്ന് ഒരുപ ചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത T2272 മുതൽ 2583 വരെയുള്ള ചോദ്യങ്ങളിൽ 97 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)